## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 544 06/02/2013 ൽ മറുപടിയ്ക്ക്

# ഇ-വേസ്റ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. സി. മോയിൻകുട്ടി | സി.എൻ ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പാസ്സാക്കിയ ഇ-വേസ്റ്റ് മാനേജ്മെന്റ് & ഹാൻഡിലിംഗ് റൂൾസ് നടപ്പിലാക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) കേന്ദ്ര സർക്കാർ 2011- ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) ചട്ടങ്ങൾ 2012 മെയ് മാസം മുതൽ പ്രാബല്യത്തിൽ വന്നു. ഇ- വേസ്റ്റ് പൊളിച്ചു മാറ്റുകയോ (dismantle) റീസൈക്കിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങളെ ക്കൊണ്ട് ഇ- വേസ്റ്റ് ചട്ടപ്രകാരമുള്ള അനുമതി എടുപ്പിക്കുന്നതിനും നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഉൽപ്പാദനഘട്ടത്തിൽ ഉണ്ടാകുന്ന ഇ-വേസ്റ്റും `എക്സ്റ്റെൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി' പ്രകാരം ഉപഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളും നേരിട്ടോ അംഗീകൃത കളക്ഷൻ സെന്ററുകൾ വഴിയോ സുരക്ഷിതമായി പുന:ചംക്രമണ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്തവും ഉൽപ്പാദകർക്കാണ്.<br>വീടുകളിലും സ്ഥാപനങ്ങളിലും ഇലക്ട്രോണിക്സ് മാലിന്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇവ നിർമ്മാർജ്ജനം ചെയ്യുവാൻ മതിയായ ഇ-വേസ്റ്റ് ശേഖരണ സംവിധാനവും കളക്ഷൻ സെന്ററുകളും |

എല്ലാ നഗരസഭകളിലും സംവിധാനം ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഓർഫൻ ഉല്പന്നങ്ങളിൽ (ഇ-വേസ്റ്റ് റൂൾസിന്റെ ഷെഡ്യൂൾ-1ൽ പറഞ്ഞിരിക്കുന്ന ഉല്പന്നങ്ങളിൽ ബ്രാൻഡഡ് അല്ലാത്തവയോ, അസംബിൾ ചെയ്യതോ ആയ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ) നിന്നുണ്ടാകുന്ന ഇ-വേസ്റ്റ് ശേഖരിച്ച് ഡിസ്മാന്റ്ലർക്കോ, റീസൈക്ലർക്കോ ഏല്പിക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി കളക്ഷൻ സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നിർദ്ദേശം നല്കിയിട്ടുണ്ട്. ഇലക്ട്രോണിക്/ ഇലക്ട്രിക്കൽ ഉപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും ഉല്പാദിപ്പിക്കുന്നവർ മുഖേന തന്നെ അതിലൂടെ ഉണ്ടാകുന്ന ഇ-വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യിക്കുന്നതിനായി ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് ഇത്തരം വൻകിട ഉല്പാദകർ നിലവിലില്ലെങ്കിലും റീട്ടെയിലർ ഷോപ്പുകൾ വഴി ഇ-വേസ്റ്റ് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുമെന്ന് ഉറപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ വാങ്ങേണ്ടത് ഇ-വേസ്റ്റ് പൊളിച്ചു മാറ്റുന്നവരും പുനചംക്രമണം ചെയ്യുന്ന സ്ഥാപനങ്ങളും ആണ്. ഇതിന് ബോർഡിന്റെ ആതറൈസേഷനും ആവശ്യമാണ്. ഇ- ഉൽപ്പന്നങ്ങളുടെ ഉത്പാദകരും ഇ- മാലിന്യം ശേഖരിക്കുന്നവരും, കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നവരും, ബോർഡിന്റെ ഇ-വേസ്റ്റ് റൂൾസ് പ്രകാരമുളള ആതറൈസേഷൻ പരിധിയിൽ വരും. കൂടാതെ ഇ-വേസ്റ്റ് ഉത്പാദിപ്പിക്കുന്ന ഇ-ഉത്പന്നങ്ങളുടെ ബൾക്ക് കൺസ്യൂമറുകൾ അവരുടെ പക്കൽ വരുന്ന ഇ-വേസ്റ്റിന്റെ വിവരങ്ങൾ ബോർഡിൽ നൽകേണ്ടതാണ്. ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം ആതറൈസേഷൻ, രജിസ്ട്രേഷൻ എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുന്നതിനും ഇ-വേസ്റ്റ് കളക്ഷൻ സെന്ററുകൾ ഏർപ്പെടുത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ-മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുളള സംവിധാനം കേരളത്തിൽ നിലവിലില്ല. എന്നാൽ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനങ്ങളിലുളള ഇ-മാലിന്യ സംസ്കരണ ശാലകൾക്ക്

കൈമാറുന്നതിന് പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് 'എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ്' എന്ന പേരിൽ ഒരു സ്ഥാപനത്തിന് ബോർഡിൽ നിന്നും പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. ഈ സംവിധാനത്തിന് പുറമേ ഇ-മാലിന്യം ശേഖരിക്കുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനും 'കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്' എന്ന സ്ഥാപനത്തിന് ബോർഡിൽ നിന്നും സ്ഥാപനാനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇ-വേസ്റ്റ് 'സെക്കന്റ്സ്' എന്ന പേരിൽ സംസ്ഥാനത്ത് കൊണ്ടു വരാനുള്ള നടപടികൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇ-വേസ്റ്റ് ഭീഷണിക്കെതിരെ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഇ-വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) ചട്ടങ്ങൾ 2011 പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ